**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തൃശ്ശൂർ ജില്ലയിലെ മറ്റത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2011-12 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.10 പ്രകാരം ചെലവഴിച്ച 1,00,000/-(ഒരു ലക്ഷം രൂപ മാത്രം) രൂപയുടെ ചെലവിന് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

## തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്

**സ.ഉ (സാധാ) നം. 3282 /16/തസ്വഭവ. തിരുവനന്തപുരം, തീയതി: 02/12/2016**

പരാമർശം:- 1) പഞ്ചായത്ത് ഡയറക്ടറുടെ 23/05/2016-ലെ എം3-12893/16 നമ്പർകത്ത്

2) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 24/09/2016 തീയതിയിലെ കെ.എസ്.എ 7745/പിറ്റി2/2016 നമ്പർ കത്ത്.

## ഉത്തരവ്

തൃശ്ശൂർ ജില്ലയിലെ മറ്റത്തൂർ ഗ്രാമപഞ്ചായത്തിലെ 2011-12 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(10) പ്രകാരം എസ്.എസ്.എൽ.സി വിദ്യാർത്ഥികൾക്ക് അധിക പഠന സമയത്ത് ലഘുഭക്ഷണം നൽകുന്നതിനായി ഒരു ലക്ഷം രൂപ ചെലവഴിച്ചത് 11-ാം പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടില്ലാത്ത ചെലവായതിനാൽ ഓഡിറ്റിൽ തടസ്സപ്പെടുത്തിയിരുന്നു.ടി വിഷയത്തിൽ സർക്കാർ സാധൂകരണം നൽകുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ അപേക്ഷ, 12/11/2014-ലെ 8(23)-ാം നമ്പർ ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനം, ആഡിറ്റ് പരാമർശത്തിന്റെ പകർപ്പ്, ജില്ലാതല ആഡിറ്റ് മോണിറ്ററിംഗ് സമിതി ശുപാർശ തീരുമാനം എന്നിവ സഹിതം ഗ്രാമപഞ്ചായത്ത്, പഞ്ചായത്ത് ഡയറക്ടർ പരാമർശം 1 പ്രകാരം സർക്കാരിൽ ശുപാർശ സമർപ്പിച്ചിട്ടുണ്ട്. ആഡിറ്റ് റിപ്പോർട്ടിൽ പരാമർശിക്കുന്ന പ്രകാരം തുക ചെലവഴിക്കേണ്ടിവന്ന സാഹചര്യം പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

ടി വിഷയത്തിൽ ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിൽ പദ്ധതി നടപ്പിലാക്കിയത് വഴി വിജയശതമാനം ഉയർന്നുവെന്ന ഗുണാത്മകവശം കണക്കിലെടുത്തും വിഷയത്തിന്മേൽ പഞ്ചായത്ത് കമ്മിറ്റിയുടെ 12/11/2014-ലെ ലെ 8(23) നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിലും സർക്കാരിന് സാധൂകരണം നൽകുന്നതിനോ കുറ്റം മാപ്പാക്കുന്നതിനോ തീരുമാനിക്കാവുന്നതാണെന്ന് പരാമർശം 2 പ്രകാരം കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ് ഡയറക്ടർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എല്ലാത്തരം ചെലവുകളും മാർഗ്ഗരേഖയിൽ ഉൾപ്പെടുത്താൻ സാദ്ധ്യമല്ലാത്തതിനാൽ എസ്.എസ്.എൽ.സി വിദ്യാർത്ഥികൾക്ക് അധിക പഠന സമയത്ത് ലഘുഭക്ഷണം നൽകുന്നതിനായി ചെലവഴിച്ച തുക

11-ാം പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടില്ലാത്തതിനാൽ തടസ്സപ്പെടുത്തിയത് ശരിയല്ല. പദ്ധതി നടപ്പിലാക്കിയത് വഴി എസ്.എസ്.എൽ.സി വിജയശതമാനം ഉയർന്നുവെന്ന ഗുണാത്മകവശം കണക്കിലെടുത്ത് തൃശ്ശൂർ ജില്ലയിലെ മറ്റത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2011-2012 വർഷത്തെ ആഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-10 പ്രകാരം ഓഡിറ്റ് തടസ്സപ്പെടുത്തിയ **1,00,000/- (ഒരു ലക്ഷം രൂപ മാത്രം)** രൂപയുടെ ചെലവിന് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

ഷിബു. എ.ടി,

അണ്ടർ സെക്രട്ടറി,

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയക്ടർ, തൃശ്ശൂർ

സെക്രട്ടറി, മറ്റത്തൂർ ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ

ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതനായി)

വെബ് & ന്യൂ മീഡിയ
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ